കെ.എസ്.എഫ്.ഇ.യിൽ വിരമിക്കൽ പ്രായം കഴിഞ്ഞ ജീവനക്കാർക്ക് ജോലി

246 (594) ശ്രീ. കെ. വി. അബ്ദുൾ ഖാദർ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.എഫ്.ഇ.-യിൽ വിരമിക്കൽ പ്രായം കഴിഞ്ഞ ജീവനക്കാർ ജോലിയിൽ തുടരുന്നതിനാൽ, നിയമനം കാത്ത് പി.എസ്.സി. ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ സാദ്ധ്യതകളെ ഇത് തടസ്സമാക്കുന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; എങ്കിൽ എത്ര പേർ ഏതെല്ലാം ഓഫീസുകളിൽ ഇത്തരത്തിൽ ജോലി ചെയ്യുന്നുണ്ടെന്ന് വ്യക്തമാക്കുമോ;

(ബി) വിരമിച്ചിട്ടും സർവ്വീസ് തുടരുന്ന ജീവനക്കാർക്ക് എന്ത് പുനരധിവാസ പദ്ധതിയാണ് കെ.എസ്.എഫ്.ഇ. നടപ്പാക്കുന്നത് ; അവരുടെ സേവന വേതന വ്യവസ്ഥകൾ എന്തൊക്കെയാണ് ; വിരമിച്ച ജീവനക്കാരുടെ സേവനം ഉപയോഗിക്കുന്നതുകൊണ്ട് മറ്റ് ജീവനക്കാർക്ക് അർഹതപ്പെട്ട പ്രമോഷൻ നഷ്ടപ്പെടുന്നതിനുള്ള സാധ്യത വിലയിരുത്തിയിട്ടുണ്ടോ ; ഇതിനകം എത്ര ജീവനക്കാർക്ക് പ്രൊമോഷൻ നഷ്ടമായിട്ടുണ്ട് ;

(സി) കമ്പനീസ് ആക്ടിന് വിരുദ്ധമായി കടിശ്ശിക പിരിക്കുന്നതിന് കെ.എസ്.എഫ്.ഇ. വൈസ് ചെയർമാന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോ ; എങ്കിൽ ഇത് എന്ത് അടിസ്ഥാനത്തിലാണെന്ന് വ്യക്തമാക്കുമോ ;

(ഡി) മുൻകാലങ്ങളിൽ ഈ അധികാരം ആരാണ് നിർവ്വഹിച്ചിരുന്നത് ; എം.ഡി.-യ്ക്ക് ഇപ്പോൾ ഇതിൽ എന്ത് അധികാരമാണുള്ളതെന്നും വെളിപ്പെടുത്തുമോ ;

ഉത്തരം

(എ) കെ.എസ്.എഫ്.ഇ.-യിലെ ജീവനക്കാരുടെ നിലവിലുള്ള വിരമിക്കൽ പ്രായമായ 58 വയസ്സ് അടിസ്ഥാനമാക്കി 2014, 2015 എന്നീ കലണ്ടർ വർഷങ്ങളിൽ വിരമിക്കൽ മൂലമുണ്ടായേക്കാവുന്ന പ്രതീക്ഷിത ഒഴിവുകൾ പി.എസ്.സി.-ക്ക് റിപ്പോർട്ട് ചെയ്തിരുന്നു. ഇതിൽ ഡിസംബർ 2014 വരെയുള്ള ഒഴിവുകളിലേക്ക് പി.എസ്.സി.-യിൽ നിന്ന് നിയമന ശിപാർശ ലഭിച്ചിട്ടുണ്ട്. അതിനാൽ കെ.എസ്.എഫ്.ഇ.-യിൽ വിമിക്കൽ പ്രായം കഴിഞ്ഞ ജീവനക്കാർ ജോലിയിൽ തുടരുന്നതുമൂലം പി.എസ്.സി. ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ നിയമന സാദ്ധ്യതയ്ക്ക് തടസ്സമുണ്ടാകുന്നില്ല.

LIBRARY ARCHIVES Kerala Legislative Assembly

(ബി) ജൂലൈ 2014 മുതൽ ഫെബ്രുവരി 2015 വരെയുള്ള കാലയളവിൽ 58 വയസ്സ് പൂർത്തിയാക്കി കമ്പനി സർവ്വീസിൽ നിന്ന് വിരമിക്കേണ്ട 46 ജീവനക്കാർ ഹൈക്കോടതി ഉത്തരവിന്റെ അടിസ്ഥാനത്തിൽ കമ്പനി സർവ്വീസിൽ തുടരുന്നുണ്ട്. പ്രസ്തുത ജീവനക്കാർ 58 വയസ്സ് പൂർത്തിയാക്കിയ മാസത്തെ മൊത്ത ശമ്പളത്തിന്റെ (Gross Salary) പകുതിയിൽ നിന്ന് ആദായ നികുതി കുറവ് ചെയ്ത തുക നിലവിൽ ലഭ്യമാക്കിവരുന്നുണ്ട്. പ്രസ്തുത ജീവനക്കാരുടെ സേവനം ഉപയോഗിക്കുന്നതു കൊണ്ട് മറ്റ് ജീവനക്കാർക്ക് അർഹതപ്പെട്ട പ്രൊമോഷൻ നഷ്ടപ്പെടുന്ന സാഹചര്യം വിലയിരുത്തിയിട്ടുണ്ട്. എന്നാൽ, നാളിതുവരെ ഒരു ജീവനക്കാരനും ഇതുമൂലം അർഹതപ്പെട്ട പ്രൊമോഷൻ നഷ്ടമായിട്ടില്ല.

(സി&ഡി) കുടിശ്ശിക പിരിക്കുന്നതിന് വൈസ് ചെയർമാന് അധികാരം നൽകി കൊണ്ട് സർക്കാർ ഉത്തരവുകളൊന്നും പുറപ്പെടുവിച്ചിട്ടില്ല എന്നാൽ കെ.എസ്.എഫ്.ഇ.-യുടെ കുടിശ്ശിക നിവാരണ പദ്ധതികളുടെ മേൽനോട്ടം വഹിക്കുന്നതിനായി റീജിയണൽ ഓഫീസുകളും ശാഖകളും സന്ദർശിക്കുന്നതിന് കെ.എസ്.എഫ്.ഇ. വൈസ് ചെയർമാൻ ശ്രീ. ജോബ് മൈക്കിളിനെ ചുമതലപ്പെടുത്തി ഉത്തരവ് പുറപ്പെടുവിച്ചിട്ടുണ്ട്. കുടിശ്ശിക പിരിക്കുന്നതിനുള്ള അധികാരം ചീഫ് എക്സിക്യൂട്ടീവ് എന്ന നിലയിൽ മാനേജിംഗ് ഡയറക്ടറിൽ നിക്ഷിപ്തമാണ്.

സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം

247 (595) ശ്രീമതി കെ. കെ. ലതിക : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പ് എന്തെല്ലാം ഇൻഷ്വറൻസ് പദ്ധതികളാണ് നടപ്പാക്കി വരുന്നത് എന്ന് വ്യക്തമാക്കുമോ ;

(ബി) ഇൻഷ്വറൻസ് പദ്ധതിയിലെ വരിക്കാർക്ക് എന്തെല്ലാം ആനുകൂല്യങ്ങളാണ് ഇപ്പോൾ നൽകി വരുന്നത് എന്ന് വിശദമാക്കുമോ ;

(സി) സ്റ്റേറ്റ് ഇൻഷ്വറൻസ് വകുപ്പിന്റെ പ്രവർത്തനം വിപുലപ്പെടുത്തുന്നതിന് സർക്കാർ എന്തെങ്കിലും പദ്ധതികൾ ആവിഷ്കരിച്ചിട്ടുണ്ടോ ; വിശദാംശങ്ങൾ വെളിപ്പെടുത്തുമോ ?

ഉത്തരം

(എ) സർക്കാർ/അർദ്ധ സർക്കാർ, പൊതുമേഖലാ സ്ഥാപനങ്ങളിലെ ജീവനക്കാർക്കായുള്ള സ്റ്റേറ്റ് ലൈഫ് ഇൻഷ്വറൻസ് പദ്ധതി, ഗ്രൂപ്പ് ഇൻഷ്വറൻസ് പദ്ധതി, ഗ്രൂപ്പ് പേഴ്സണൽ ആക്സിഡന്റ് ഇൻഷ്വറൻസ് പദ്ധതി എന്നിവയും സർക്കാർ ആസ്തികൾക്കും, സർക്കാരിന് സാമ്പത്തിക താല്പര്യമുള്ള വിവിധ അർദ്ധ സർക്കാർ പൊതുമേഖല, സഹകരണ സ്ഥാപനങ്ങളുടെ ആസ്തികൾക്കുമുള്ള ജനറൽ ഇൻഷ്വറൻസ് പദ്ധതികളും സംസ്ഥാന ഇൻഷ്വറൻസ് വകുപ്പ് മുഖാന്തരം നടപ്പാക്കി വരുന്നു.

LIBRARY ARCHIVES Kerala Legislative Assembly